# അക്ഷര ദീപം

## 2023-24

**Little kite unit No- Lk/2021/38041**






# ഉള്ളടക്കം


| | |
|---|---|
| School view and details | 1 |
| ആമുഖം, സന്ദേശം | 2 |
| ചരിത്രം | 3 |
| ആറന്മുള | 4 |
| vayana dinam | 5 |
| Digital paintings | 6 |
| Ente keralam, little kite camp | 7 |
| Kerala piravi | 8 |
| Editorial,staff secetary message<br>Youth Festival | 9 |
| Onam Celebration, Cyber Awareness Class | 10 |
| Annual day ,Aadil sunil kumar poem | 11 |
| Free fest | 12 |
| Skill development class inauguration | 13 |

# GVHSS ARANMULA

School code - 38041

| |
|---|
| REVENUE DISTRICT |
| PATHANAMTHITTA |
| SUB DISTRICT |
| KOZHENCHERRY |
| EDUCATION DISTRICT |
| PATHANAMTHITTA |





# ആമുഖം

പൈതൃക ഗ്രാമമായ ആറന്മുളയുടെ തിലക കുറിയായി ശോഭിക്കുന്ന സരസ്വതിക്ഷേത്രമാണ് GVHSS അറന്മുള. പുണ്യനദിയായ പമ്പയുടെ കൊച്ചോളങ്ങളെ തഴുകിവരുന്ന ഇളം കാറ്റിൽ വഞ്ചിപ്പാട്ടിന്റെ താളം അകമ്പടി സേവിക്കുന്നു.

## Message

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർഥ്യമായിരിക്കുകയാണ്. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്. ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച് കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.ഈ പദ്ധതി ഇന്ന് ഇന്ത്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐടി ശൃംഖലയായിക്കൊണ്ട് ആഗോള ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്.ലിറ്റിൽ കൈറ്റ്സ് പരിശീലന പരിപാടിയിലൂടെ ആനിമേഷൻ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, സൈബർ സുരക്ഷ,ആർട്ടിഫിഷ്യൽ ഇൻറലിജൻസ് തുടങ്ങിയ വിവിധ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. മികവാർന്ന പൊതു വിദ്യാഭ്യാസ മാതൃകകൾക്ക് മകുടോദാഹരണമാണ് ലിറ്റിൽ കൈറ്റ്സ്.ആഗോളമാറ്റങ്ങൾ ഉൾക്കൊണ്ട് കേരളത്തിൽ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുക, കേരളത്തിലെ മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആരംഭിച്ച സർക്കാരിൻറെ വിജ്ഞാന സമ്പത്ത് സമ്പദ് വ്യവസ്ഥയിലേക്ക് സ്കൂൾതലം മുതൽ തന്നെ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ഒരു മുതൽക്കൂട്ടാവും എന്നതിൽ സംശയമേതുമില്ല. തുടർന്നും മികച്ച നേട്ടങ്ങൾ പൊതുവിദ്യാലയങ്ങൾക്ക് നൽകാൻ  ഇത്തരം പദ്ധതികൾക്ക് സാധ്യമാവട്ടെ. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

Geetha M
Headmistress

# ചരിത്രം

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ പെട്ട മല്ലപ്പുഴശ്ശേരിപഞ്ചായത്തിലാണ് ആറന്മുളവൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്നത്.പത്തനംതിട്ടയുടെ സാംസ്കാരിക കേന്ദ്രമായ ആറന്മുള പൈതൃകഗ്രാമത്തിൽ അതിപുരാതനവും പ്രശസ്തവുമായ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിനു കിഴക്കുവശത്തായി ഈ സരസ്വതി വിദ്യാലയം നിലകൊള്ളുന്നു. ചരിത്ര പ്രസിദ്ധമായ ആറന്മു ഉത്തൃട്ടാതി ജലമേളയും ഏഷ്യയിലെ ഏറ്റവുംവലിയ കൂട്ടായ്മ ആയ മാരാമൺ

കൺവെൻഷനും നടക്കുന്നത് ഈ വിദ്യാലയത്തിനു സമീപമായാണ്.

ലോക പ്രസിദ്ധവും പൈതൃക ബിംബങ്ങളിൽ ഒന്നുമായ ആറന്മുള കണ്ണാടിയുടെ പരമ്പരാഗത നിർമാണശാലകൾസ്കൂളിനു സമീപമായികാണാം.

ആറന്മുള പൈതൃക തിരുശേഷിപ്പുകളുടെ അടയാളപ്പെടുത്തലുകളായ നൂറ്റാണ്ടുകൾ പഴക്കമുള്ള നാഗവിഗ്രഹങ്ങളും നാഗത്തറയും സ്കൂൾ മൈതാനത്ത് ചരിത്ര പ്രാധാന്യത്തോടെ സംരക്ഷിച്ചു പോരുന്നു.

ആറന്മുള കൊട്ടാരം വകയായി പെൺകുട്ടി കളുടെ വിദ്യാഭ്യാസത്തിന്1893 ൽ പ്രൈമറി സ്കൂളായിസ്ഥാപിച്ച ഈ വിദ്യാലയം1947 ൽഅപ്പർപ്രൈമറി സ്കൂളായും 1968 ൽഹൈസ്കൂളായും 1990 ൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളായും ഉയർത്തപ്പെട്ടു..

ഇപ്പോൾ ഗവൺമെൻ്റ്ഉടമസ്ഥതയിലുള്ള സ്കൂളിൻ്റ്പ്രവേശനകവാടം

വാഴുവേലിൽ കാർത്ത്യായനി അമ്മയുടെ സ്മരണാർത്ഥം കുടുംബം

സംഭാവനചെയ്തിട്ടുള്ളതാണ്. സ്കൂൾ കളിസ്ഥലം അഡ്വ: മൂസതിനെറ് ശ്രമ

ഫലമായി ലഭിച്ചു. കേരളത്തിൻ്റെ വിദ്യാഭ്യാസ കലാ, സംസ്കാരിക മേഖല

യ്ക്ക് നിരവധി സംഭാവന കൾ നല്കിയിട്ടുള്ള ആറന്മുള വൊക്കേഷണൽ ഹയർ

സെക്കണ്ടറി സ്കൂൾ പത്തനംതിട്ട ജില്ലയുടെ അഭിമാനമായി നിലകൊള്ളുന്നു..

# ആറന്മുള

ഐതിഹ്യ പെരുമ കൊണ്ട് ആചാര വിശേഷങ്ങൾ കൊണ്ടും പ്രസിദ്ധമായ നാടാണ് പമ്പാനദി കരയിൽ സ്ഥിതി ആറന്മുള ഗ്രാമം കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന ക്ഷേത്രങ്ങളിൽ ഒന്നാണ് ആറന്മുള പാർത്ഥസാരഥി ക്ഷേത്രം. പത്തനംതിട്ട ജില്ലയുടെ സാംസ്കാരിക തലസ്ഥാനം കൂടിയാണ് ഈ നാട്. ആറ് മുളകൾ ചേർന്ന് കെട്ടിയ ചങ്ങാടത്തിൽ ഭഗവാൻ പാർത്ഥസാരഥി പമ്പാനദിയിലൂടെ എത്തി ചേർന്നതുകൊണ്ടാണ് ആറന്മുള എന്ന പേര് കിട്ടിയത് എന്ന് വിശ്വസിച്ചുപോരുന്നു. പാണ്ഡവമധ്യനായ അർജ്ജുനൻ പ്രതിഷ്ഠ നടത്തിയെന്നു വിശ്വസിക്കുന്ന കൃഷ്ണവിഗ്രഹം ആണ് ക്ഷേത്രത്തിൽ ഉള്ളത് .


ഓണത്തോട് അനുബന്ധിച്ച് പ്രസിദ്ധമായ ഉത്രിട്ടാതി ജലോത്സവം നടക്കുന്നത് ആറന്മുളയിലാണ്. 52 പള്ളിയോടങ്ങളാണ് പങ്കെടുക്കുന്നത്. ആറന്മുള വള്ളസദ്യ വിഭവസമൃദ്ധിയിലും രുചിയിലും ഏറെ കേൾവി കേട്ടതാണ്. 64 വിഭവങ്ങൾ വിളമ്പുന്ന ഈ സദ്യയിൽ ഓരോ പാട്ടുപാടി ചോദിച്ചാണ് വിഭവങ്ങൾ വാങ്ങുന്നത്. ഭക്തർക്കൊപ്പം ഭഗവാനും പങ്കെടുക്കുന്നു എന്നാണ് വിശ്വാസം.

ആറന്മുള കണ്ണാടിയുടെ പെരുമ വളരെ വലുതാണ് .ചെമ്പും വെളുത്തീയവും മിശ്രണം ചെയ്ത തയ്യാറാക്കുന്ന ലോഹക്കൂട്ടാണ് കണ്ണാടിക്കായി ഉപയോഗിക്കുന്നത്.

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഇടം നേടിയ അനവധി സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ജന്മം നൽകിയ നാടു കൂടിയാണ്ആറന്മുള. അതിപുരാതനകാലത്ത് തന്നെ ജനവാസ കേന്ദ്രമായിരുന്നു ആറന്മുള എന്നതിന്റെ തെളിവാണ് 2018 ലെ വെള്ളപ്പൊക്കത്തിൽ ലഭിച്ച ശില്പങ്ങൾ.







पुस्तक हमारा सच्चा
मित्र उसे मत छोड़ो।
पढ़ो और बड़े सपने देखो।


GVHSS ARANMULA
വായന ദിന ക്വിസ്
2023-24
first
Third
DEVADARSAN




വായനാദിനം



## DIGITAL PAINTINGS













# എൻെറ കേരളം


1956 നവംബർ ഒന്നിനാണ് കേരളം രൂപികൃതമായത് .മലയാള ഭാഷ സംസാരിക്കുന്ന പ്രദേശങ്ങൾ ഒന്നിച്ച ചേർത്താണ് കേരള സംസ്ഥാനം രൂപികരിച്ചത് അന്നുമുതലാണ് 1956 നവംബർ 1 കേരളപ്പിറവി ദിനമായി ആഘോഷിക്കുന്നത് .പുഴകളും മലകളും പച്ച പുതച്ച വയലുകളും വിവിധ പക്ഷിമൃഗാദികളും ചേർന്ന് അതിസുന്ദരമാണ് നമ്മുടെ നാട് . അതുകൊണ്ടുതന്നെ ഈ നാട് ദൈവത്തിൻറെ സ്വന്തം നാട് എന്ന് അറിയപ്പെടുന്നു .ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങൾ ചെറുതല്ല വിദ്യാഭ്യാസം, ആരോഗ്യം, തുടങ്ങി പല മേഖലകളിലും കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ് ഓണവും, വിഷുവും ,തിരുവാതിരയും എല്ലാം നമ്മുടെ സാംസ്കാരികത്തനിമ വിളിച്ചോതുന്ന ആഘോഷങ്ങളാണ്. പൂരവും, പെരുന്നാളും നമ്മൾ ജാതിമതഭേദമില്ലാതെ ആഘോഷിക്കുന്നു .ഒരുമയോടെ ഒരേ മനസ്സോടെ കേരളത്തിൻറെ പുരോഗതിക്കായി നമുക്ക് കൈകോർക്കാം.



ആർദ്രലക്ഷ്മി

**STD V**









## Message

സന്ദേശം

പൈതൃക ഗ്രാമമായ ആറന്മുളക്ക് ഒരു പൊൻതൂവൽ ആണ് നമ്മുടെ ഈ ഡിജിറ്റൽ മാസിക.
ഭാഷയുടെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ വായ്മൊഴിയായി തുടങ്ങി വരമൊഴിയിലൂടെ- ശില ലിഖിതങ്ങളിലൂടെ ഓലയിൽ നാരായത്തുമ്പിൽ വാർന്നു വീണ അക്ഷരപ്പൂക്കൾ വർണ്ണപകിട്ടോടെ നിറഞ്ഞുനിന്നു. എന്നാൽ ആധുനിക കാലഘട്ടത്തിൽ എത്തിയപ്പോൾ ഡിജിറ്റൽ പേജുകളിലേക്ക് അക്ഷരങ്ങൾ എത്തി. സാഹിത്യവും നൂതന സാങ്കേതികവിദ്യയും ഒത്തൊരുമിക്കുമ്പോൾ ഒരു പുതിയ യുഗത്തിന് വഴി തുറക്കുന്നു ഈ ഡിജിറ്റൽ മാസിക.ഈ സംരംഭത്തിന്റെ സൃഷ്ടി ഇതിന് എല്ലാ ഭാവുകങ്ങളും നേരുന്നു

രാധിക എം ജി
സ്റ്റാഫ് സെക്രട്ടറി

12:03 pm

## Editorial

എഡിറ്റോറിയൽ ( മുഖ മൊഴി )

നൂതന സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാഗസിൻ തയ്യാറാക്കുന്നത്. ഇത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.ഈ മാസത്തിന്റെ നിർമ്മാണ ഘട്ടത്തിൽ എല്ലാം കുട്ടികളാണ് പ്രവർത്തിച്ചിരിക്കുന്നത്. ഈ മാസികയുടെ നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും നിരവധി ആളുകളുടെ സഹായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. പ്രവർത്തിക്കുന്ന എല്ലാവർക്കും നന്ദി അർപ്പിച്ചുകൊണ്ട് സവിനയം ഈ മാസിക Implementation

ചീഫ് എഡിറ്റർ

അനിതാകുമാരി

## youth festival









## ONAM FESTIVAL





## CYBER AWARENESS CLASS



# ANNUAL DAY CELEBRATION



Marvellous Nature

Nature it's marvellous, full of celebration
Delightful for everyone without exception
The golden sunset I wish to kiss
Green grassy meadows, give me bliss
Crepuscular raysof early dawn
Declares the advent of blissful morn
The magnificent mirror like lake
Reflects the beauty only nature can make
The brilliant colour of autumn red and
yellow
Evergreen forests of birch and willow
Fill my heart with vibrant joy
Hope it be eternal for us to enjoy
Nature's beauty, a grand treasure
As the boundless sky beyond measure
The glimpses of aspen and juniper wood
Add intense pleasure to my mood
Upon mankind nature has endowed
All the beautiful gifts of God.
1:59 pm

AADIL SUNIL KUMAR
STD 10

AADIL SUNIL KUMAR

STD 10

Marvellous Nature

Nature it's marvellous, full of celebration
Delightful for everyone without exception
The golden sunset I wish to kiss
Green grassy meadows, give me bliss
Crepuscular raysof early dawn
Declares the advent of blissful morn
The magnificent mirror like lake
Reflects the beauty only nature can make
The brilliant colour of autumn red and
yellow
Evergreen forests of birch and willow
Fill my heart with vibrant joy
Hope it be eternal for us to enjoy
Nature's beauty, a grand treasure
As the boundless sky beyond measure
The glimpses of aspen and juniper wood
Add intense pleasure to my mood
Upon mankind nature has endowed
All the beautiful gifts of God.

## FREE FEST



# SKILL DEVELOPMENT INAUGURATION







**THANKS**